# വിചിന്തനം
ജനുവരി 2026

**“ഇവർ**
**ഏകമനസ്സോടെ**
**യേശുവിന്റെ അമ്മയായ**
**മറിയത്തോടും മറ്റു സ്ത്രീകളോടും**
**അവന്റെ സഹോദരരോടുമൊപ്പം**
**പ്രാർഥനയിൽ മുഴുകിയിരുന്നു.”**

**അപ്പ. പ്ര. 1, 14**

പുതുവർഷത്തിന്റെ പടിവാതുക്കൽ നിൽക്കുന്ന നമ്മുടെ ഹൃദയങ്ങൾ പുതിയ തുടക്കങ്ങൾക്കായി വെമ്പുക സ്വാഭാവികമാണല്ലോ. പ്രത്യാശയുടെയും നവീകരണത്തിന്റെയും പുതിയ വഴികൾ നാം തേടുകയും ചെയ്യും. ഈ യാത്രയിൽ നമ്മെ നയിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു ദൃശ്യം യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു പിന്നാലെ ആ മാളിക മുകളിലെ ശിഷ്യരുടെ കൂട്ടായ്മയിൽ നമുക്ക് കാണാനാവും.

അവിടെ നാം കാണുന്നത് കർത്താവിന്റെ കൽപനയനുസരിച്ച് സ്വർഗത്തിൽനിന്നുള്ള മഹത്തായ വാഗ്ദാനത്തിനായി കാത്തിരിക്കുന്ന, മറിയം, പത്രോസ്, മറ്റു ശിഷ്യന്മാർ, പിന്നെ സ്ത്രീകളും പുരുഷന്മാരും അടക്കം നൂറ്റിയിരുപതോളം വരുന്ന വിശ്വാസികളുടെ ഒരു സമൂഹത്തെയാണ്.

ഐക്യത്തിന്റെ ആനന്ദത്തിന്റെയും ഒരു സുന്ദര ചിത്രം നാം ഇവിടെ ദർശിക്കുന്നു. എല്ലാ ജീസസ് യൂത്ത് കൂട്ടായ്മകൾക്കുമുള്ള ഉദാത്ത മാതൃക. സ്നേഹത്തിൽ ഒന്നായി, പ്രാർത്ഥനയിൽ വേരൂന്നി, സുവിശേഷ ദൗത്യത്തിനായി തയ്യാറായ ഒരു സമൂഹത്തിന്റെ ചിത്രം. ഇവിടെ മറിയവും മറ്റു സ്ത്രീകളും പാർശ്വവൽക്കരിക്കപ്പെട്ടവരല്ല, മറിച്ച് പുരുഷൻമാരോടൊപ്പം സജീവമായി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്.

മാളിക മുകളിലെ മുറിയിൽ നിന്നുള്ള ഈ ദൃശ്യം ഉയർത്തുന്ന വെല്ലുവിളി ഇതാണ്: ഭയവും ആശങ്കയും സ്വാർത്ഥതാൽപര്യങ്ങളും നിറഞ്ഞ ആത്മീയതയെ നാം ഉപേക്ഷിക്കണം, പകരം, ദൈവത്തിന്റെ ആത്യന്തിക പദ്ധതിയിലേക്ക് സ്നേഹത്തിലേക്ക് വളരുകയും വേണം. സ്നേഹത്തിൽ അവനോട് ഒന്നാവാനും മറ്റുള്ളവരോട് സ്നേഹത്തിൽ ജീവിക്കാനും സ്നേഹത്തിൽ ലോകത്തിലേക്ക് അയയ്ക്കപ്പെടാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ഇവിടെ മറിയത്തിന്റെ സാന്നിധ്യവും നേതൃത്വവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ആദിമസഭയുടെ കേന്ദ്രബിന്ദുവായി തീർച്ചയായും ഹൃദയഭാഗത്ത് – മറിയം നിലകൊള്ളുന്നു. സ്ത്രീകളടക്കമുള്ള ശിഷ്യരോടൊത്ത് പെന്തക്കുസ്തയുടെ വാഗ്ദാനത്തിനായി മറിയം കാത്തിരിക്കുന്നു. നമുക്കേറെ സുപരിചിതമായ 'അപ്പസ്തോലൻമാരുടെ രാജ്ഞിയായ മറിയത്തിന്റെ– ചിത്രം ഇത് മനോഹരമായി അവതരിപ്പിക്കുന്നു. ഇവിടെ ഒരു ദിവ്യചിത്രം വണങ്ങുന്നതിലുപരി ഈ രംഗവും വചനഭാഗവും സൂചിപ്പിക്കുന്ന മനോഭാവവും കൂട്ടായ്മാ സംസ്കാരവും പിന്തുടരാനും കൂടിയാണ് ജീസസ് യൂത്ത് ശ്രമിക്കുന്നത്.

പ്രാർഥനാനിർഭരമായ ഈ കൂട്ടായ്മയിൽനിന്നാണ് പത്രോസിന്റെ ധീരവും ആത്മനിവേശിതവുമായ നേതൃത്വം സമാരംഭിക്കുന്നത്. ഹൃദയൈക്യത്തിൽ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, മറിയത്തിന്റെ ധ്യാനാത്മക സാന്നിധ്യത്തിൽ ഒരു സമൂഹം ക്രിയാത്മക സുവിശേഷദൗത്യത്തിനായി പുറപ്പെടുന്നു; ഇതാണ് സഭ. പ്രാർഥനയിൽ ഒത്തുചേരുന്ന, സിനഡൽ ചൈതന്യത്തിൽ മുന്നേറുന്ന, സമൃദ്ധമായി ഫലം പുറപ്പെടുവിക്കുന്ന സഭാകൂട്ടായ്മ. സജീവവും ചൈതന്യ ദായകവുമായ മറിയത്തിന്റെ ഹൃദയം പത്രോസിന്റെ ദീർഘദൃഷ്ടിയോടെയുള്ള പ്രവർത്തനത്തെ പരിപോഷിപ്പിക്കുന്നു.

സമീപകാലത്തെ മാർപാപ്പമാർ ലൗകീകവും ഏകപക്ഷീയവുമായ സുവിശേഷവൽക്കരണ സമീപനങ്ങൾക്കെതിരെ പലപ്പോഴും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നമുക്ക് വേണ്ടത് മറിയത്തിന്റെയും പത്രോസിന്റെയും രീതികൾ ഒത്തുചേരുന്ന ഒരു സഭാത്മക ശൈലിയാണ്.

ഇത് കേവലം ആശയങ്ങളല്ല, മറിച്ച് ആഴത്തിൽ നമ്മെ രൂപപ്പെടുത്തുന്ന സംസ്കാരവും മനോഭാവവുമാകണം. നമ്മുടെ ശീലങ്ങളെയും മൂല്യങ്ങളെയും രൂപാന്തരപ്പെടുത്താനും ദൈവം ആഗ്രഹിക്കുന്ന 'പുതിയ സൃഷ്ടി' ആയിത്തീരാനും സുവിശേഷം നമ്മെ വെല്ലുവിളിക്കുന്നു. വി. പൗലോസ് പറയുന്നതുപോലെ, യഹൂദൻ, ഗ്രീക്ക്, സ്ത്രീ, പുരുഷൻ എന്നിങ്ങനെ വ്യത്യാസമില്ലാതെ ഏവരും ക്രിസ്തുവിൽ സജീവമാകണം. ഇത് വ്യത്യാസങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനെക്കുറിച്ചല്ല, മറിച്ച് പങ്കാളിത്തത്തെക്കുറിച്ചും പരസ്പരപൂരകമായ സഹകരണത്തെക്കുറിച്ചുമാണ് സൂചിപ്പിക്കുന്നത്. മതബോധനഗ്രന്ഥം പഠിപ്പിക്കുന്നതു സഭയുടെ മരിയൻ (**Marian**) സഭാത്മക മാനം പത്രോസിന്റെ (**Petrine**) രീതികളെക്കാൾ മുന്നിട്ട് നില്ക്കുന്നുവെന്നാണ് (ക. സ. മ. 773)

സ്ത്രീകളെ പാർശ്വവൽക്കരിച്ച ഒരു സമൂഹത്തിലാണ് യേശു ജീവിച്ചിരുന്നതെങ്കിലും അവരുടെ അന്തസ്സും അവകാശങ്ങളും പുനസ്ഥാപിക്കാൻ അവൻ പലപ്പോഴും ബോധപൂർവവും ഞെട്ടിപ്പിക്കുന്നതുമായ ചുവടുവയ്പുകൾ നടത്തി. മാളിക മുറിയിലെ ശിഷ്യസമൂഹവും ഇതുതന്നെ പിന്തുടർന്നു. ഇന്ന് ഈ രീതി പിന്തുടരാൻ നമ്മളും വിളിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ എല്ലാ രംഗത്തും സ്ത്രീകളുടെ അനിവാര്യമായ സംഭാവനകളെയും സ്ത്രീപ്രതിഭയെയും (**feminine genius**) അംഗീകരിക്കാൻ ഫ്രാൻസിസ് പാപ്പ നമ്മെ വെല്ലുവിളിക്കുന്നുണ്ട്. (സുവിശേഷത്തിന്റെ ആനന്ദം, 103).

സ്ത്രീ സാന്നിധ്യത്തിന്റെ സൗമ്യശക്തി, സംവേദനക്ഷമത, പരിവർത്തനാത്മക സ്വാധീനം എന്നിവ നമ്മുടെ സമൂഹങ്ങളിൽ ഇന്ന് ആഴപ്പെടേണ്ടിയിരിക്കുന്നു. പൊതുവേ പുരുഷ ചിന്താഗതികളാലും പ്രവർത്തന ശൈലികളാലും രൂപപ്പെട്ട സംസ്കാരങ്ങളിൽ ഈ ആവശ്യം തിരിച്ചറിയുന്നതും ഇതിനായി പ്രവർത്തിക്കുന്നതും വലിയൊരു വെല്ലുവിളിയായിരിക്കും.

ജനുവരി ഒന്ന് മറിയത്തിന്റെ ദൈവമാതൃത്വത്തിരുനാളിനായി സമർപ്പിച്ചുകൊണ്ടാണ് സഭ പുതുവർഷത്തെ വിശുദ്ധീകരിക്കുന്നത്. ഇതൊരു യാദൃശ്ചികതയല്ല, മറിച്ച് ദിശാസൂചികയാണ്. അക്രമോത്സുകതയുള്ളതും പ്രായോഗികതയ്ക്ക് അതീവ ഊന്നൽ നൽകുന്നതും ആയ ഒരു ലോകവും സംസ്കാരവുമാണ് ഇന്നു നാം കാണുന്നത്. ഇവിടെ മഹത്തരവും ആധികാരികവുമായ ഒരു സ്ത്രീ സാന്നിധ്യം മാത്രമല്ല നമുക്ക് വേണ്ടത് മറിച്ച്, ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ പരിരക്ഷിക്കുന്ന സ്നേഹം നിറഞ്ഞ ഒരു 'മരിയൻ' ഹൃദയമാണ്. കൊറീന്തോസുകാർക്കുള്ള വി. പൗലോസിന്റെ ലേഖനത്തിൽ പറയുന്നതുപോലെ വ്യത്യസ്ത ദാനങ്ങളുടെ ഒരു സമന്വയത്തെ നാം സ്വന്തമാക്കേണ്ടതുണ്ട്.

ഈ പുതുവർഷത്തിലേക്ക് നാം കടക്കുമ്പോൾ നമ്മുടെ സ്വർഗീയ അമ്മയുടെ മാതൃകയും മാധ്യസ്ഥവും നമ്മെ നേരായ മാർഗത്തിൽ നയിക്കട്ടെ. ഒരേ മനസ്സോടെ പ്രാർഥിക്കുന്ന, ഒരേ ഹൃദയത്തോടെ ചലിക്കുന്ന ഒരു കൂട്ടായ്മയായി നമുക്കു മാറാം.

ഡോ: എഡ്വേർഡ് എടേഴത്ത്

*എഡ്ഡി ചേട്ടൻ എന്നറിയപ്പെടുന്ന ഡോ : എഡ്വേർഡ്, ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ ഒരാളാണ്, അമേരിക്കയിലെ ന്യൂജേഴ്സിയിൽ താമസിക്കുന്നു. അഞ്ച് പതിറ്റാണ്ടുകളായി ഈ മുന്നേറ്റത്തെ പരിപോഷിപ്പിക്കാനും പക്വതയിൽ വളർത്താനും ദൈവം അദ്ദേഹത്തെ ശക്തമായി ഉപയോഗിക്കുന്നു.*